## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1132.** **30.11.2018 ൽ മറുപടിയ്ക്ക്**

### കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദേശമദ്യം നിർമ്മിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അധികാരം നിയമപ്രകാരം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 1945-ലെ കോമ്പൗണ്ടിംഗ്, ബ്ലൻറിംഗ്, ബോട്ടിലിംഗ് റൂൾസ് 3(1) പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള അധികാരം നിയമപ്രകാരം എക്സൈസ് കമ്മീഷണറിൽ നിക്ഷിപ്തമാണ്. |
| (ബി) | പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ നൽകുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കോമ്പൗണ്ടിംഗ്, ബ്ലെൻറിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ നൽകുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം നിയമപ്രകാരം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.<br>1. കോമ്പൗണ്ടിംഗ്, ബ്ലൻറിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും വിവരണവും (അളവിനനുപാതികമായി വരച്ചത് - മൂന്ന് പകർപ്പ്)<br>2. പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുദ്ദേശിക്കുന്ന സുസ്ഥിര ഉപകരണങ്ങളുടെ എണ്ണം, വലിപ്പം, |

| | | | |
|---|---|---|---|
| | | | വിവരണം എന്നിവ വിശദമാക്കുന്ന സ്റ്റേറ്റ്മെൻറ്.<br>3. കോമ്പൗണ്ടിംഗ്, ബ്ലൻറിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾക്കായും സംഭരിച്ച് വയ്ക്കേണ്ടതായും പ്രതീക്ഷിക്കുന്ന സ്പിരിറ്റിന്റെ പ്രൂഫ് ലിറ്ററിലുള്ള പരമാവധി അളവ് സംബന്ധിച്ച വിവരം.<br>4. 100 രൂപ നിരതദ്രവ്യം ഒടുക്കിയ രേഖ. |
| (സി) | എക്സൈസ് വകുപ്പ് പരിശോധന നടത്തിയ ശേഷമാണോ പ്രസ്തുത അപേക്ഷ സർക്കാരിലേക്ക് ശിപാർശയ്ക്കായി സമർപ്പിക്കുന്നത്; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പരിശോധനകളാണ് നടത്തുന്നതെന്നറിയിക്കുമോ? | (സി) | എക്സൈസ് വകുപ്പ് പ്രാഥമികമായ പരിശോധന നടത്തിയ ശേഷമാണ് കോമ്പൗണ്ടിംഗ്, ബ്ലൻറിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നത്. ഈ അപേക്ഷയിന്മേൽ തുടർനടപടികൾക്ക്, അബ്കാരി നിയമം സെക്ഷൻ 14 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ പ്രാഥമിക സാധ്യതാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ചതിനു ശേഷം ലൈസൻസിന് അപേക്ഷിക്കുമ്പോൾ ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ്, ബ്ലൻറിംഗ്, ബോട്ടിലിംഗ്) ചട്ടം 3, 4 എന്നിവ പ്രകാരമുള്ള പരിശോധനകൾ പൂർണ്ണതലത്തിൽ കൈക്കൊള്ളുന്നതാണ്. ഇപ്രകാരമുള്ള ചട്ടപ്രകാര പരിശോധനകൾ പൂർത്തീകരിച്ച് അപേക്ഷ പരിഗണനാർഹമാണെന്ന് കണ്ടെത്തിയാൽ മാത്രമേ ലൈസൻസ് അനുവദിച്ചു നൽകാറുള്ളൂ. |

**സെക്ഷൻ ഓഫീസർ**